# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 8127

24.07.2012-ൽ മറുപടിക്ക്.

### ഗയിലിന്റെ വാതക പൈപ്പുലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി. വിൻസന്റ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗയിലിന്റെ വാതക പൈപ്പ്‌ലൈൻ കടന്നു പോകുന്ന സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) പൈപ്പ്‌ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് 1962 ലെ പെട്രോളിയം ധാതു പൈപ്പ്‌ലൈൻ ആക്ട് പ്രകാരം മാർക്കറ്റുവിലയുടെ 10% മാണ് നഷ്ടപരിഹാരമായി നിയമപ്രകാരം ലഭിക്കുന്നത്. ഇതിനുപുറമേ പ്രസ്തുത ഭൂമിയിലെ ചമയങ്ങൾക്കും, വിളകൾക്കും, വൃക്ഷങ്ങൾക്കും 100% നഷ്ടപരിഹാരം നൽകുന്നതിനുമാണ് ഇപ്പോഴുള്ള വ്യവസ്ഥ. |
| (ബി) ഇതിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 22.06.2012 ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം പ്രത്യേക നഷ്ടപരിഹാര പാക്കേജ് നിർണ്ണയിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) നഷ്ടപരിഹാരം സംബന്ധിച്ചുള്ള കാര്യങ്ങൾ ആരാണ് തീരുമാനിക്കുന്നത്; വിശദമാക്കുമോ? | (സി) 1962 ലെ പെട്രോളിയം ധാതു പൈപ്പ്‌ലൈൻ ആക്ട് പ്രകാരം നഷ്ടപരിഹാരം സംബന്ധിച്ചുള്ള കാര്യങ്ങൾക്ക് തീരുമാനമെടുക്കാനായി കേരളാ ഗവണ്മെന്റിന്റെ റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കേന്ദ്ര സർക്കാരിന്റെ പെട്രോളിയം മന്ത്രാലയം ഭാരതസർക്കാർ ഗസറ്റിൽ പ്രഖ്യാപിച്ച് കോമ്പിറ്റന്റ് അതോറിറ്റിയായി നിയമിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ